## File No.HEDN-F2/135/2019-HEDN

**'ഭരണഭാഷ- മാതൃഭാഷ'**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - ബാലുശ്ശേരി ഗവണ്മെന്റ് ആർട് സ് & സയൻസ് കോളേജിലെ ഇക്കണോമിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീ.പി.നൗഫൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) 773/19 - ന്മേലുള്ള 23.05.2019 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.1281/2019/ഉ.വി.വ        തീയതി,തിരുവനന്തപുരം, 23/07/2019**

---

പരാമർശം:- 1 സ.ഉ(പി)നം.3/2017/ഉ.ഭ.പ.വ തീയതി 25.02.2017.

2 OA (EKM) No.1069/2018 - ന്മേലുള്ള 31.05.2018 - ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ്.

3 സ.ഉ(സാധാ)നം.2205/2018/ഉ.വി.വ തീയതി 06.12.2018.

4 OA (EKM)നം.773/2019 - ന്മേലുള്ള 23.05.2019 - ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ്.

5 കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 01.07.2019 - ലെ ബി4/18696/2019/കോ.വി.വ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ബാലുശ്ശേരി ഗവണ്മെന്റ് ആർട് സ് & സയൻസ് കോളേജിലെ ഇക്കണോമിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീ.പി.നൗഫൽ, 2019 - ലെ പൊതു സ്ഥലം മാറ്റത്തിൽ പട്ടാമ്പി ശ്രീ.നീലകണ്ഠ സർക്കാർ സംസ്കൃത കോളേജ്, മങ്കട സർക്കാർ ആർട് സ് & സയൻസ് കോളേജ് ചേലക്കര സർക്കാർ ആർട് സ് & സയൻസ് കോളേജ് എന്നിവിടങ്ങളിലേയ്ക്ക് സ്ഥലം മാറ്റം നൽകണമെന്ന് അഭ്യർത്ഥിച്ച് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA(EKM)നം.773/19 നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി. ടി കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (4) ലെ ഉത്തരവിൽ ടിയാൻ സമർപ്പിച്ച Annexure A12 നിവേദനം നിലവിലെ നിയമ വ്യവസ്ഥകൾ അനുസരിച്ച് പരിശോധിക്കാനും രണ്ട് മാസത്തിനകം തീർപ്പ് കൽപ്പിക്കാനും ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ച് കൊണ്ട് ഉത്തരവായിരുന്നു.

പട്ടാമ്പി ശ്രീ.നീലകണ്ഠ സർക്കാർ സംസ്കൃത കോളേജിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ എല്ലാം ഹോംസ്റ്റേഷൻ പട്ടാമ്പി ശ്രീ.നീലകണ്ഠ സർക്കാർ സംസ്കൃത കോളേജ് ആയതിനാലും, കൂടാതെ ശ്രീ.നൗഫൽ.പി - യ്ക്ക് മതിയായ out station സർവ്വീസ് ഇല്ലാത്തതിനാലും, ടിയാനെ പട്ടാമ്പി ശ്രീ.നീലകണ്ഠ സർക്കാർ സംസ്കൃത കോളേജിലേയ്ക്ക് പരിഗണിക്കാൻ കഴിയില്ലെന്നും, ടിയാന്റെ രണ്ടാമത്തെ option ആയ മങ്കട ഗവ.കോളേജിലേയ്ക്ക് മങ്കട ഗവ.കോളേജ് ഹോം സ്റ്റേഷൻ ആയിട്ടുള്ള ശ്രീമതി.മുബീന ചെറുകാട്ടിനെ (ഗവണ്മെന്റ് കോളേജ്, മൂന്നാർ) യാണ് പരിഗണിച്ചതെന്നും,മങ്കടയിൽ, മങ്കട ഹോം സ്റ്റേഷൻ ആയിട്ടുള്ള അധ്യാപികയാണ് നിലവിൽ ജോലി ചെയ്യുന്നതെന്നും, ടിയാന്റെ മൂന്നാമത്തെ ഓപ് ഷൻ ആയ ചേലക്കര ഗവണ്മെന്റ് ആർട് സ് ആന്റ് സയൻസ് കോളേജിൽ ഒഴിവ് ഇല്ലാത്തതിനാൽ ടി കോളേജിലേയ്ക്കും പരിഗണിക്കാൻ കഴിഞ്ഞില്ലെന്നും, പ്രസ്തുത കാരണങ്ങളാൽ ടി ശ്രീ.നൗഫൽ.പി - യുടെ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലായിരുന്നെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (5) പ്രകാരം അറിയിച്ചിരുന്നു.

ഇതിന് മുൻപ് പൊതു സ്ഥലംമാറ്റം 2018- ൽ പട്ടാമ്പി ശ്രീ.നീലകണ്ഠ സർക്കാർ സംസ്കൃത കോളേജിൽ ഇക്കണോമിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയി ജോലി നോക്കിയിരുന്ന ശ്രീ.നൗഫൽ.പി - യെ, കണ്ണൂർ കെ.എം.എം സർക്കാർ വനിതാ കോളേജിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.ബിഷ.വി.കെ - യ്ക്ക് പട്ടാമ്പി എസ്.എൻ.ജി.എസ്.സി - യിൽ സ്ഥലംമാറ്റം നല്കുന്നതിലേയ്ക്കായി, ശ്രീ.നൗഫൽ.പി- യെ ബാലുശ്ശേരി ഗവണ്മെന്റ് ആർട് സ് & സയൻസ് കോളേജിലേക്ക് സ്ഥലം മാറ്റുകയുണ്ടായി. പരാമർശം (1) ഉത്തരവിലെ 4(3) വ്യവസ്ഥ പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് വേണ്ടി രേഖകൾ സമർപ്പിച്ചിരുന്നുവെങ്കിലും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ ബോധ്യപ്പെടാത്തതിനാൽ വകുപ്പ് അദ്ധ്യക്ഷൻ ടിയാന്റെ അപേക്ഷ നിരസിക്കുകയും, ടിയാനെ ബാലുശ്ശേരി ഗവണ്മെന്റ് ആർട് സ് & സയൻസ് കോളേജിലേയ്ക്ക് സ്ഥലം മാറ്റുകയുമായിരുന്നു.ഇതിനെതിരെ ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) No.1069/2018 നമ്പർ കേസിലെ പരാമർശം (2) ലെ വിധിന്യാത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേൾക്കുകയും, പട്ടാമ്പി എസ്.എൻ.ജി.എസ്.സി - യിൽ ജോലി നോക്കി വരുന്ന 6 ഇക്കണോമിക്സ് അദ്ധ്യാപകരുടേയും ഹോം സ്റ്റേഷൻ പട്ടാമ്പി എസ്.എൻ.ജി.എസ്.സി ആയതിനാലും, അതിൽ Out Station സർവ്വീസ് ഏറ്റവും കുറഞ്ഞ വ്യക്തി എന്ന നിലയിലും, 12 വർഷം സേവനം പൂർത്തിയാക്കിയ ടിയാൻ FDP-യിൽ ചെയ്ത 3 വർഷക്കാലയളവൊഴികെ ഹോം സ്റ്റേഷൻ ആയ പട്ടാമ്പി എസ്.എൻ.ജി.എസ്.സി - യിൽ മാത്രമാണ് സേവനം അനുഷ്ഠിച്ചിട്ടുള്ളതിനാലും, സ്വന്തം താത് പര്യപ്രകാരം തൃശ്ശൂർ ജോൺ മത്തായി സെന്ററിൽ FDP തുടർന്നപ്പോഴും ടിയാന്റെ പിതാവിന് ഇപ്പോഴുള്ള രോഗാവസ്ഥയും അംഗവൈകല്യവും ഉണ്ടായിരുന്നെങ്കിലും,അപ്പോൾ അത്തരം ഒരു ആവശ്യം ഉന്നയിച്ചിരുന്നില്ലാത്തതിനാലും, 06.09.2013 മുതൽ കണ്ണൂർ കെ.എം.എം സർക്കാർ വനിതാ കോളേജിൽ ജോലി നോക്കിയിരുന്ന ശ്രീമതി.ബിഷ.വി.കെ - യെ ടിയാന്റെ out station സർവ്വീസും പട്ടാമ്പി എസ്.എൻ.ജി.എസ്.സി യിലെ മറ്റ് അധ്യാപകരുടെ സേവന വിവരങ്ങളും out station സർവ്വീസും താരതമ്യം ചെയ്ത് മാനദണ്ഡങ്ങൾ പരിശോധിച്ചതിന് ശേഷമാണ് ടി കോളേജിലേക്കും, പരാതിക്കാരനായ ശ്രീ.നൗഫലിനെ ബാലുശ്ശേരി ഗവണ്മെന്റ് കോളേജിലേയ്ക്കും സ്ഥലം മാറ്റിയ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് സാധൂകരിക്കുകയും പരാതിക്കാരന്റെ നിവേദനം തീർപ്പാക്കി പരാമർശം (2) ലെ വിധിന്യായം പാലിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യങ്ങളെല്ലാം വിശദമായി പരിശോധിച്ചു. പട്ടാമ്പി എസ്.എൻ.ജി.എസ്.സി - യിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ എല്ലാം ഹോംസ്റ്റേഷൻ പട്ടാമ്പി എസ്.എൻ.ജി.എസ്.സി ആയതിനാലും, കൂടാതെ ശ്രീ.നൗഫൽ.പി - യ്ക്ക് മതിയായ out station സർവ്വീസ് ഇല്ലാത്തതിനാലും, ടിയാനെ പട്ടാമ്പി എസ്.എൻ,ജി.എസ്.സി - യിലേയ്ക്ക് പരിഗണിക്കാൻ കഴിയില്ല. മങ്കട ഗവ.കോളേജിലേയ്ക്ക്, മങ്കട ഗവ.കോളേജ് ഹോം സ്റ്റേഷൻ ആയിട്ടുള്ള ശ്രീമതി.മുബീന ചെറുകാട്ടിനെ (ഗവണ്മെന്റ് കോളേജ്, മൂന്നാർ) പരിഗണിച്ചതിനാലും, മങ്കടയിൽ, മങ്കട ഹോം സ്റ്റേഷൻ ആയിട്ടുള്ള അധ്യാപികയാണ് നിലവിൽ ജോലി ചെയ്യുന്നതിനാലും, ചേലക്കര ഗവണ്മെന്റ് ആർട് സ് ആന്റ് സയൻസ് കോളേജിൽ നിലവിൽ ഒഴിവ് ഇല്ലാത്തതിനാലും, ടി കോളേജിലേയ്ക്കും ശ്രീ.നൗഫൽ.പി യെ പരിഗണിക്കാൻ കഴിയില്ല. അതിനാൽ 2019 - ലെ പൊതു സ്ഥലം മാറ്റത്തിൽ പട്ടാമ്പി എസ്.എൻ.ജി.എസ്.സി കോളേജ്, മങ്കട സർക്കാർ ആർട് സ് & സയൻസ് കോളേജ്, ചേലക്കര സർക്കാർ ആർട് സ് & സയൻസ് കോളേജ് എന്നിവിടങ്ങളിലേയ്ക്ക് സ്ഥലം മാറ്റം നൽകണമെന്ന് അഭ്യർത്ഥിച്ച് ശ്രീ.നൗഫൽ.പി സമർപ്പിച്ചിരിക്കുന്ന Annexure A12 നിവേദനം നിലവിൽ പരിഗണിക്കാൻ നിർവാഹമില്ലെന്ന് അറിയിച്ചു കൊണ്ട് ടിയാൻ ഫയൽ ചെയ്ത OA(EKM) 773/19 നമ്പർ കേസിലെ 23.05.2019 ലെ വിധിന്യായം പാലിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഹരി കുമാർ ജി**
**ഡെപ്യൂട്ടിസെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

File No.HEDN-F2/135/2019-HEDN

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി / ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ